**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6601</u>** **<u>11-11-2021 - ൽ മറുപടിയ്ക്ക്</u>**

**<u>മാനന്തവാടി ഗവണ്‍മെന്റ് കോളേജ് ഹോസ്റ്റല്‍</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മാനന്തവാടി ഗവണ്‍മെന്റ് കോളേജില്‍ പഠിക്കുന്ന എത്ര കുട്ടികള്‍ക്കാണ് കോളേജിന്റെ ഹോസ്റ്റല്‍ സൗകര്യം ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ആണ്‍കുട്ടികള്‍ - 30 പെണ്‍കുട്ടികള്‍-75 |
| (ബി) | പെണ്‍കുട്ടികളുടെ ഹോസ്റ്റലില്‍ മതിയായ താമസസൗകര്യം ഇല്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കില്‍ മേല്‍ പ്രശ്നം പരിഹരിക്കാന്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ ? | (സി) | കഴിഞ്ഞ കുറച്ച് വര്‍ഷങ്ങളായി പൊതുവെ പെണ്‍കുട്ടികളാണ് കോളേജുകളില്‍ കൂടുതല്‍ പ്രവേശനം നേടി വരുന്നത്. ഏകദേശം 75 ശതമാനത്തോളം പെണ്‍കുട്ടികളാണ് ഓരോ വര്‍ഷവും ഡിഗ്രി, പി.ജി പ്രവേശനം നേടുന്നത്. നിലവില്‍ മാനന്തവാടി ഗവണ്‍മെന്റ് കോളേജില്‍ 75 ആണ്‍കുട്ടികള്‍ക്കും 30 പെണ്‍കുട്ടികള്‍ക്കും താമസിക്കുന്നതിനുള്ള ഹോസ്റ്റലുകളാണ് ഉള്ളത്. ഇക്കാരണത്താല്‍ പെണ്‍കുട്ടികള്‍ക്ക് എണ്ണത്തിനനുസരിച്ച് ഹോസ്റ്റല്‍ ലഭ്യമല്ലാത്ത സ്ഥിതിയാണ്. അതേസമയം ആണ്‍കുട്ടികളുടെ ഹോസ്റ്റലില്‍ മതിയായ കുട്ടികള്‍ ഇല്ലാത്ത സ്ഥിതിയുമാണ്. ഈ സാഹചര്യത്തില്‍ ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി നിലവിലെ വനിതാ ഹോസ്റ്റല്‍ ആണ്‍കുട്ടികള്‍ക്കും, ബോയ്സ് ഹോസ്റ്റല്‍ പെണ്‍കുട്ടികള്‍ക്കും നല്‍കിയാല്‍ കൂടുതല്‍ ഫലപ്രദമാകും എന്നതിന്റെ അടിസ്ഥാനത്തില്‍ ഹോസ്റ്റലുകള്‍ പരസ്പരം മാറുന്നതിന് അനുമതി നല്‍കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ കൂടുതല്‍ പെണ്‍കുട്ടികള്‍ക്ക് ഹോസ്റ്റല്‍ പ്രവേശനം നല്‍കാന്‍ സാധിച്ചിട്ടുണ്ട്. കൂടാതെ ലേഡീസ് ഹോസ്റ്റല്‍ കൂടുതല്‍ വിപുലീകരിക്കുന്നതിനായി കോളേജിന്റെ പ്ലാന്‍ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ